HLM-0070

The Heavenly Light Ministry

1. മാറിടാത്ത യേശുനാഥൻ
മാറ്റും നിന്റെ വേദന
പാപത്താലും രോഗത്താലും
കലങ്ങിടേണ്ട കടന്നുവാ...

കടന്നുവാ കടന്നു വാ
യേശു നിന്നെ വിളിക്കുന്നു (2)

2. ലോകത്തിൻ ഭാരം ചുമക്കും
യേശുവിങ്കൽ നീ കടന്നുവാ
തളർന്ന നിന്റെ അന്തരാത്മ
ക്ലേശം നീക്കും കടന്നുവാ കടന്നു..

3. ലോകബന്ധം കൈവെടിയും
ദ്രോഹിച്ചുനിന്നെ പുറംതള്ളും
പാവനൻ താൻ സ്നേഹത്തോടെ
അരികിലുണ്ട് കടന്നു വാ.... കടന്നു...